# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3996** **11.11.2019 - ൽ മറുപടിക്ക്.**

## മുൻഗണനാക്രമം തെറ്റിച്ച് റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ജെ. മാക്സി :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** അനധികൃത/മുൻഗണനാക്രമം ലംഘിച്ച് റേഷൻ വാങ്ങിയതായി ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ കണ്ടെത്തിയ സർക്കാർ ജീവനക്കാർ-പെൻഷൻകാർ / പൊതുമേഖലാ ജീവനക്കാർ- പെൻഷൻകാർ/മറ്റ് കേന്ദ്ര ജീവനക്കാർ- പെൻഷൻകാർ/ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ എന്നിവരുടെ എണ്ണം എത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ; | **(എ)** എൻ.ഐ.സി. തയ്യാറാക്കിയ സോഫ്റ്റ്‌വെയർ പ്രകാരമാണ് റേഷൻകാർഡ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും നടത്തി വരുന്നത്. നിലവിലെ സോഫ്റ്റ്‌വെയറിൽ സർക്കാർ ജീവനക്കാർ-പെൻഷൻകാർ / പൊതുമേഖലാ ജീവനക്കാർ-പെൻഷൻകാർ/മറ്റ് കേന്ദ്ര ജീവനക്കാർ- പെൻഷൻകാർ/ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ എന്നിങ്ങനെ ഇനം തിരിച്ചുള്ള ഡാറ്റാ ലഭ്യമല്ല. |
| **(ബി)** റേഷൻ സാധനങ്ങൾ ഇത്തരത്തിൽ അനധികൃതമായി വാങ്ങിയവരായി കണ്ടെത്തിയവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു പിഴയിനത്തിൽ എത്ര തുക ഈടാക്കി; വ്യക്തമാക്കുമോ; | **(ബി)** റേഷൻ സാധനങ്ങൾ അനധികൃതമായി വാങ്ങിയവർക്കെതിരെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2019 സെപ്റ്റംബർ മാസം വരെ 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്. |
| **(സി)** റേഷൻ മുൻഗണനാ ശുദ്ധീകരണ പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും പരിശോധനയും ശുദ്ധീകരണവും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | **(സി)** പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയ ആയതിനാൽ അതിന് പൂർത്തീകരണം എന്നൊന്നില്ല. |
| **(ഡി)** അത്തരത്തിൽ അനധികൃതമായി റേഷൻ കൈപ്പറ്റിയവരിൽ എത്ര സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും കുടുംബങ്ങളും ഉണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ; | **(ഡി)** ഒരാൾ മാത്രം |

(ഇ) അനധികൃതമായി മുൻഗണനാ ക്രമം തെറ്റിച്ച് റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ നിലവിലെ എണ്ണം എത്ര ഉണ്ടെന്നാണ് സർക്കാർ വിലയിരുത്തുന്നത്; ആയതുകൂടി കണ്ടെത്തുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഇ) 424171 കുടുംബങ്ങളെ അനർഹരാണെന്ന് കണ്ടെത്തി മാറ്റിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ്തല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു. കൂടാതെ വസ്തുതകൾ മറച്ചു വച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**